©
Government of Kerala
കേരള സർക്കാർ
2010

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസററ്

## EXTRAORDINARY
## അസാധാരണം

## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. LV<br>വാല്യം 55 | Thiruvananthapuram, Thursday<br>തിരുവനന്തപുരം, വ്യാഴം | 4th February 2010<br>2010 ഫെബ്രുവരി 4<br>15th Magha 1931<br>1931 മാഘം 15 | No. 261<br>നമ്പർ |

# കേരള സർക്കാർ

തൊഴിലും പുനരധിവാസവും (ഇ) വകുപ്പ്

## വിജ്ഞാപനം

ജി. ഒ. (എംഎസ്.) 12/2010/തൊഴിൽ. *തിരുവനന്തപുരം, 2010 ജനുവരി 30.*

**എസ്. ആർ. ഒ. നമ്പർ 110/2010.**—1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും 5-ാം വകുപ്പ് (2)-ാം ഉപവകുപ്പും കൂട്ടിവായിച്ച പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും 1981 ജൂലൈ 17-ാം തീയതിയിലെ 566-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 859/81 ആയി പ്രസിദ്ധീകരിച്ച 1981 ജൂലൈ 15-ാം തീയതിയിലെ സ. ഉ. (ആർടി.) 878/ഇ1/തൊഴിൽ എന്ന വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ ആവശ്യപ്പെടുന്ന പ്രകാരം, 2009 മേയ് 25-ാം തീയതിയിലെ 927-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2009 മേയ് 21-ാം തീയതിയിലെ 3435/ഇ1/1996/തൊഴിൽ എന്ന നമ്പരായി പ്രസിദ്ധീകരിച്ച കരട് നിർദ്ദേശങ്ങളിൻമേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചതിനുശേഷവും കേരള സർക്കാർ, പ്രസ്തുത ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരം രൂപവത്കരിച്ച മിനിമം വേതന ഉപദേശക ബോർഡിന്റെ ഉപദേശം

പരിഗണിച്ചതിനുശേഷവും, കേരള സംസ്ഥാനത്ത് കുടകളുടെ നിർമ്മാണത്തിലും വില്പനയിലും ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിട്ടുള്ള പട്ടികയിൽ വിനിർദ്ദേശിക്കുന്ന പ്രകാരം ഇതിനാൽ പുതുക്കി നിശ്ചയിക്കുന്നതും പുതുക്കിയ നിരക്കുകൾ 2009 ഒക്ടോബർ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതുമാണ്.

## പട്ടിക

## I. പീസ് റേറ്റ്

**(എ) അടിസ്ഥാന വേതനം**

**(1) മടക്കാൻ കഴിയാത്ത നീളം കാൽ കുടകൾക്ക്**

(എ) *കുട ഫിറ്റിംഗ്*

| | | |
|---|---|---|
| ഒരു കുടയുടെ നിർമ്മാണത്തിന്റെ മുഴുവൻ ജോലിയും (പാക്കിംഗ് ഒഴികെ) | .. | അടിസ്ഥാന വേതനം ഡസൻ ഒന്നിന് 57 രൂപ |

(ബി) *നീളം കാൽ കുട നിർമ്മാണത്തിലെ വിവിധ പ്രക്രിയകൾക്ക്*

| *ക്രമ നമ്പർ* | *ജോലിയുടെ പേര്* | *എണ്ണം* | *അടിസ്ഥാന വേതനം രൂപ പൈസ* |
|---|---|---|---|
| 1 | തുണി കട്ടിംഗ് | ഡസൻ ഒന്നിന് | 1.03 |
| 2 | പാളി തിരിച്ചിൽ | ,, | 0.98 |
| 3 | മെഷീനിൽ തുന്നുന്നതിന് (കവർ) | ,, | 10.06 |
| 4 | സ്ക്രീൻ പ്രിന്റിംഗ് | ,, | 0.62 |
| 5 | ഇല്ലി കോർക്കൽ (റോഡ് അസംബ്ളിംഗ്) | ,, | 1.40 |
| 6 | ഫ്രെയിം കെട്ടൽ | ,, | 6.10 |
| 7 | കപ്പിയടി | ,, | 2.42 |
| 8 | നോച്ചാണി വയ്ക്കൽ (ചക്ക് റണ്ണർ ഫിറ്റിംഗ്) | ,, | 3.70 |
| 9 | പെന്താകെട്ടി തുണി കയറ്റൽ (മൗണ്ടിംഗ്) | ,, | 9.68 |
| 10 | നടുതുന്നൽ (സെന്റർ സ്റ്റിച്ചിംഗ്) | ,, | 8.11 |
| 11 | കപ്പ് ഫിറ്റിംഗ് | ,, | 2.18 |
| 12 | ഹാന്റിൽ ഫിറ്റിംഗ് | ,, | 2.72 |
| 13 | ക്യാപ്പിന് ആണി വയ്ക്കൽ (ക്യാപ്പ് ഫിറ്റിംഗ്) | ,, | 1.45 |
| 14 | മോത്തി ഫിറ്റിംഗ് | ,, | 1.09 |
| 15 | കുട ചുരുട്ടൽ | ,, | 2.43 |
| 16 | കുട പരിശോധിക്കൽ | ,, | 3.03 |
| 17 | പായ്ക്കിംഗ് | ,, | 2.00 |

(2) മടക്കാവുന്ന കുടകൾ

(എ) *കുട ഫിറ്റിംഗ്*

| | | |
|---|---|---|
| എല്ലാ ജോലികളും പരിശോധന ഉൾപ്പെടെ (പായ്ക്കിംഗ് ഒഴികെ) | .. | അടിസ്ഥാന വേതനം ഡസൻ ഒന്നിന് 53.50 രൂപ |

(ബി) *മടക്കാവുന്ന കുടകളുടെ നിർമ്മാണത്തിലെ വിവിധ പ്രക്രിയകൾക്ക്*

| *ക്രമ നമ്പർ* | *ജോലിയുടെ പേര്* | *എണ്ണം* | *അടിസ്ഥാന വേതനം രൂപ പൈസ* |
|---|---|---|---|
| 1 | കവർ (തുണി) തുന്നൽ | ഡസൻ ഒന്നിന് | 10.06 |
| 2 | സ്ക്രീൻ പ്രിന്റിംഗ് | ,, | 0.62 |
| 3 | ഇല്ലി കോർക്കൽ (റോഡ് അസംബ്ളിംഗ്) | ,, | 1.40 |
| 4 | ഫ്രെയിം കെട്ടൽ | ,, | 6.10 |
| 5 | പെന്താകെട്ടി തുണി കയറ്റൽ (മൗണ്ടിംഗ്) | ,, | 9.68 |
| 6 | നടുതുന്നൽ (സെന്റർ സ്റ്റിച്ചിംഗ്) | ,, | 8.11 |
| 7 | ഇടക്കെട്ട് | ,, | 6.10 |
| 8 | ഹാന്റിൽ ഫിറ്റിംഗ് | ,, | 2.78 |
| 9 | ക്യാപ്പ് ഫിറ്റിംഗ് | ,, | 1.40 |
| 10 | ത്രഡ് ഫിറ്റിംഗ് | ,, | 1.77 |
| 11 | കുട ചുരുട്ടൽ | ,, | 2.43 |
| 12 | കുട പരിശോധിക്കൽ | ,, | 3.05 |
| 13 | പായ്ക്കിംഗ് | ,, | 2.00 |

(ബി) **ക്ഷാമബത്ത**

പീസ് റേറ്റ് തൊഴിലാളികൾക്കും ദിവസവേതന തൊഴിലാളികൾക്കും അടിസ്ഥാന വേതനത്തിന് പുറമേ കേരള സർക്കാരിന്റെ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ജില്ലാടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കുന്ന, ഉപഭോക്തൃ വിലസൂചികയായ പുതിയ പരമ്പരയിലെ 1998-99=100 എന്ന സൂചികയിലെ 130 (നൂറ്റിമുപ്പത്) പോയിന്റിനുമേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും 82 (എൺപത്തിരണ്ട്) പൈസ നിരക്കിൽ മാറിക്കൊണ്ടിരിക്കുന്ന ക്ഷാമബത്ത നൽകേണ്ടതാണ്. ഇടുക്കി, വയനാട് ജില്ലകൾക്ക് യഥാക്രമം മൂന്നാർ, മേപ്പാടി കേന്ദ്രങ്ങൾക്കുവേണ്ടി പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃ വില സൂചികയെ അടിസ്ഥാനമാക്കി ക്ഷാമബത്ത നൽകേണ്ടതാണ്.

തൊഴിലുടമ, കുടയുടെ ഭാഗങ്ങൾ തൊഴിലാളികൾക്ക് നൽകി, തൊഴിലാളികൾ അവരുടെ വീട്ടിൽവച്ച് ജോലി ചെയ്ത് പണി പൂർത്തിയാക്കി കുടകൾ തൊഴിലുടമയ്ക്ക് തിരികെ എത്തിച്ചുകൊടുക്കുന്ന സമ്പ്രദായത്തിൽ, ഒരാഴ്ചയിലെ പൂർത്തിയാക്കുന്ന ജോലികൾക്ക് ഓരോ മൂന്ന് ഡസൻ കുടകൾക്കും ഒരു ക്ഷാമബത്ത എന്ന അടിസ്ഥാനത്തിൽ പ്രതിദിനം ഒരു ക്ഷാമബത്തയും ഒരാഴ്ചയിൽ പരമാവധി 6 ക്ഷാമബത്തയും ഈ തൊഴിലാളികൾക്ക് നൽകേണ്ടതാണ്.

ജനുവരി മുതൽ ജൂൺ വരെയുള്ള ഉപഭോക്തൃ വിലസൂചികയുടെ ശരാശരി ഒരു മാസത്തെ പോയിന്റിന്റെ അടിസ്ഥാനത്തിൽ ഒക്ടോബർ മുതൽ മാർച്ച് വരെയും, ജൂലൈ മുതൽ ഡിസംബർ വരെയുള്ള ഉപഭോക്തൃ വിലസൂചികയുടെ ശരാശരി ഒരു മാസത്തെ പോയിന്റിന്റെ അടിസ്ഥാനത്തിൽ ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയും ക്ഷാമബത്ത നൽകേണ്ടതാണ്.

## II. ഗ്യാരന്റീഡ് ടൈം റേറ്റ്

സ്ഥാപനത്തിലോ തൊഴിലുടമകളുടെ കീഴിലോ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ഗ്യാരന്റീഡ് ടൈം റേറ്റ് വേതനമായി 125 രൂപ ലഭിക്കുന്നതാണ്.

## III. മാസശമ്പളക്കാരായ ജീവനക്കാർ

(എ) **അടിസ്ഥാന ശമ്പളം**

| *ക്രമ നമ്പർ* | *ജോലിയുടെ പേര്* | *അടിസ്ഥാന ശമ്പളം നിശ്ചയിക്കൽ (രൂപ)* |
|---|---|---|
| (1) | (2) | (3) |
| 1 | മാനേജർ/മാർക്കറ്റിംഗ് മാനേജർ | 6030 |
| 2 | അസിസ്റ്റന്റ് മാനേജർ | 5330 |
| 3 | സൂപ്പർവൈസർ | |
| 4 | യന്ത്രവൽകൃത യൂണിറ്റുകളിൽ തുണി മുറിക്കുന്നവർ | |
| 5 | മെക്കാനിക്ക് | |
| 6 | ക്വാളിറ്റി കൺട്രോൾ ഇൻസ്പെക്ടർ | |
| 7 | അസിസ്റ്റന്റ് മെക്കാനിക്ക് | 4890 |
| 8 | സെയിൽസ് സൂപ്പർവൈസർ | |
| 9 | അക്കൗണ്ടന്റ് | |
| 10 | ഓഫീസ് ക്ലാർക്ക് | 4605 |
| 11 | കാഷ്യർ | |
| 12 | കമ്പ്യൂട്ടർ ഓപ്പറേറ്റർ | |
| 13 | ടൈപ്പിസ്റ്റ് | |
| 14 | സെയിൽസ്മാൻ | 4495 |
| 15 | ഗോഡൗൺ കീപ്പർ | |
| 16 | കുട റിപ്പയർ ചെയ്യുന്നയാൾ | |
| 17 | ഡ്രൈവർ | |
| 18 | കയറ്റിറക്കു തൊഴിലാളി | |

| (1) | (2) | (3) |
|---|---|---|
| 19 | അറ്റന്റർ | 4283 |
| 20 | പ്യൂൺ | |
| 21 | വാച്ച്മാൻ | |
| 22 | സെക്യൂരിറ്റി ഗാർഡ് | |
| 23 | സെയിൽസ് അസിസ്റ്റന്റ് | |
| 24 | പായ്ക്കിംഗ് അസിസ്റ്റന്റ് | |
| 25 | ജനറൽ വർക്കർ | |
| 26 | സ്വീപ്പർ (ഫുൾടൈം) | 4030 |
| 27 | ക്ലീനർ | |

(ബി) **സർവ്വീസ് വെയിറ്റേജ്**

ഒരു സ്ഥാപനത്തിൽ ഒരു തൊഴിലുടമയുടെ കീഴിൽ, മൂന്ന് വർഷത്തെ തുടർച്ചയായ സേവനം പൂർത്തിയാക്കിയ ജീവനക്കാർക്ക് പൂർത്തിയാക്കിയ ഓരോ വർഷത്തെയും സേവനത്തിന് അവരുടെ പുതുക്കിയ അടിസ്ഥാന വേതനത്തിന്റെ ഒരു ശതമാനം നിരക്കിൽ പരമാവധി പത്ത് ശതമാനത്തിന് വിധേയമായി അവരുടെ അടിസ്ഥാന ശമ്പളത്തിൽ ഉൾപ്പെടുത്തി സർവ്വീസ് വെയിറ്റേജ് അനുവദിക്കേണ്ടതാണ്.

(സി) **ക്ഷാമബത്ത**

മാസനിരക്കിലുള്ള തൊഴിലാളികൾക്ക്, അടിസ്ഥാന ശമ്പളത്തിനുപുറമേ കേരള സർക്കാരിന്റെ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് അതതു ജില്ലാ കേന്ദ്രങ്ങളിലെ സൂചിക അടിസ്ഥാനമാക്കി പ്രസിദ്ധീകരിക്കുന്ന പുതിയ പരമ്പരയായ 1998-99=100 എന്ന ഉപഭോക്തൃ വിലസൂചികയുടെ 130 പോയിന്റിനുമേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും 21 രൂപ 30 പൈസ നിരക്കിൽ മാറിക്കൊണ്ടിരിക്കുന്ന ക്ഷാമബത്ത നൽകേണ്ടതാണ്. ഇടുക്കി, വയനാട് ജില്ലകൾക്ക് യഥാക്രമം മൂന്നാർ, മേപ്പാടി കേന്ദ്രങ്ങൾക്കുവേണ്ടി പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃ വിലസൂചിക അടിസ്ഥാനമാക്കി ക്ഷാമബത്ത നൽകേണ്ടതാണ്.

ജനുവരി മുതൽ ജൂൺ വരെയുള്ള ഉപഭോക്തൃ വിലസൂചികയുടെ ശരാശരി ഒരു മാസത്തെ പോയിന്റിന്റെ അടിസ്ഥാനത്തിൽ ഒക്ടോബർ മുതൽ മാർച്ച് വരെയും ജൂലൈ മുതൽ ഡിസംബർ വരെയുള്ള ഉപഭോക്തൃ വിലസൂചികയുടെ ശരാശരി ഒരു മാസത്തെ പോയിന്റിന്റെ അടിസ്ഥാനത്തിൽ ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയും ക്ഷാമബത്ത നൽകേണ്ടതാണ്.

(ഡി) ഈ വിജ്ഞാപനത്തിൽ മാസവേതനം നിശ്ചയിച്ചിട്ടുള്ള വിഭാഗക്കാരുടെ ദിവസവേതനം കണക്കാക്കുന്നതിന് മാസവേതനത്തെ ഇരുപത്തിയാറുകൊണ്ട് ഹരിക്കേണ്ടതാണ്.

IV. ഈ വിജ്ഞാപന പ്രകാരം നിശ്ചയിച്ച ഏറ്റവും കുറഞ്ഞ വേതനത്തേക്കാൾ ഉയർന്ന വേതനം ഏതെങ്കിലും സ്ഥാപനത്തിലോ/തൊഴിലുടമയുടെ തൊഴിലാളികൾക്കോ ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നുണ്ടെങ്കിൽ തുടർന്നും അപ്രകാരമുള്ള ഉയർന്ന നിരക്ക് ലഭിക്കുന്നതിന് അവർക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സി. കെ. വിശ്വനാഥൻ,
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

1981 ജൂലൈ 15-ാം തീയതിയിലെ സ. ഉ. (സാധാ.) 878/ഇ1/തൊഴിൽ എന്ന സർക്കാർ ഉത്തരവ് പ്രകാരമാണ് കുടകളുടെ നിർമ്മാണത്തിലും വില്പനയിലും ഏർപ്പെട്ടിട്ടുള്ള തൊഴിലാളികൾക്ക് നൽകേണ്ട കുറഞ്ഞ കൂലി നിരക്കുകൾ നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. അതിനാൽ പ്രസ്തുത വിഭാഗങ്ങളിലുള്ളവരുടെ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ ഇപ്പോൾ തീരുമാനിക്കുകയുണ്ടായി.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

GOVERNMENT OF KERALA

**Labour and Rehabilitation (E) Department**

NOTIFICATION

G. O. (Ms.) No. 12/2010/LBR. *Dated, Thiruvananthapuram, 30th January, 2010.*

**S. R. O. No. 110/2010.**—In exercise of the powers conferred by clause (b) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948) read with sub-section (2) of section 5 thereof and in supersession of notification issued under G. O. (Rt.) No. 878/E1/LBR dated 15th July, 1981, and published as S. R. O. No. 859/81 in the Kerala Gazette Extraordinary No. 566 dated 17th July, 1981, the Government of Kerala after considering the objections and suggestions received on the draft proposals in Notification No. 3435/E1/1996/LBR dated 21st May, 2009 published in the Kerala Gazette Extraordinary No. 927 dated 25th May, 2009 as required under clause (b) of sub-section (5) of the said Act and after considering the advice of the Minimum Wages Advisory Board constituted under section 7 of the said Act, hereby revise the minimum rates of wages payable to the employees employed in manufacture and sale of umbrellas in the State of Kerala as specified in the Schedule annexed hereto and fix the 1st day of October, 2009 as the date on which the rates shall be deemed to have come into force.

SCHEDULE

I. PIECE RATE

(A) **Basic Wage**

(1) *Unfoldable long Umbrellas*

(a) Umbrella fitting

Complete job for making an umbrella (except packing) .. Basic wages per dozen Rs. 57

(b) Various jobs in the manufacture of Long Umbrellas:

| *Sl. No.* | *Name of work* | *No.* | *Basic wages (Rs. Ps.)* |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | Cloth cutting | Per dozen | 1.03 |
| 2 | Arranging pleats | ,, | 0.98 |
| 3 | Machine stitching (Cover) | ,, | 10.06 |
| 4 | Screen printing | ,, | 0.62 |
| 5 | Rod assembling | ,, | 1.40 |

| (1) | (2) | (3) | (4) |
|---|---|---|---|
| 6 | Frame tieing | Per dozen | 6.10 |
| 7 | Pulley fixing | ,, | 2.42 |
| 8 | Chuck Runner fitting | ,, | 3.70 |
| 9 | Mounting | ,, | 9.68 |
| 10 | Centre stitching | ,, | 8.11 |
| 11 | Cup fitting | ,, | 2.18 |
| 12 | Handle fitting | ,, | 2.72 |
| 13 | Cup fitting (Cap nailing) | ,, | 1.45 |
| 14 | Mothy fitting | ,, | 1.09 |
| 15 | Umbrella rolling | ,, | 2.43 |
| 16 | Umbrella Checking | ,, | 3.03 |
| 17 | Packing | ,, | 2.00 |

(2) *Folding Umbrellas*

(a) Umbrella fitting

Complete job including inspection (except packing) .. Basic wages per dozen Rs. 53.50

(b) Various jobs in the manufacture of Folding Umbrellas:

| *Sl. No.* | *Name of work* | *No.* | *Basic wages (Rs. Ps.)* |
|---|---|---|---|
| 1 | Cover (Cloth) Stitching | Per dozen | 10.06 |
| 2 | Screen printing | ,, | 0.62 |
| 3 | Rod assembling | ,, | 1.40 |
| 4 | Frame tieing | ,, | 6.10 |
| 5 | Mounting | ,, | 9.68 |
| 6 | Centre stitching | ,, | 8.11 |
| 7 | Tieing cloth to frame | ,, | 6.10 |
| 8 | Handle fitting | ,, | 2.78 |
| 9 | Cap fitting | ,, | 1.40 |
| 10 | Thread fitting | ,, | 1.77 |
| 11 | Umbrella rolling | ,, | 2.43 |
| 12 | Umbrella checking | ,, | 3.05 |
| 13 | Packing | ,, | 2.00 |

(B) **Dearness Allowance**

In addition to the basic wages Variable Dearness Allowance at the rate of 82 (eighty two) paise to the category of piece rate workers and daily waged workers shall be paid for the increase of every one point above the 130 (One hundred and thirty) point of new series of Consumer Price Index Number 1998-99=100 being published District-wise by the Department of Economics and Statistics, Government of Kerala. For Idukki and Wayanad Districts, Dearness Allowance shall be paid on the basis of Consumer Price Index Number published for Munnar and Meppadi Centres respectively.

In the system of giving parts of the umbrella to the employees by the employer and complete the work of umbrella by the employees at their place of residence and returm to the employer, on the basis of completed works of one week, one DA per day to these employees.

Dearness Allowance shall be paid for October to March on the basis of average points for one month in the Consumer Price Index Number from January to June and for April to September on basis of average points for one month in the Consumer Price Index Number from July to December.

## II. GUARANTEED TIME RATE

In the case of employees working in an establishment or under an employer who will get guaranteed time rate wage of Rs. 125.

## III. MONTHLY WAGED EMPLOYEES

(A) **Monthly Basic Wages**

| *Sl. No.* | *Name of Work* | *Fixation of Basic Wages (Rs.)* |
|---|---|---|
| (1) | (2) | (3) |
| 1 | Manager/Marketing Manager | 6030 |
| 2 | Assistant Manager | 5330 |
| 3 | Supervisor | |
| 4 | Cloth Cutters in Mechanised Unit | |
| 5 | Mechanic | |
| 6 | Quality Control Inspector | |
| 7 | Assistant Mechanic | 4890 |
| 8 | Sales Supervisor | |
| 9 | Accountant | |

| (1) | (2) | (3) |
|---|---|---|
| 10 | Office Clerk | 4605 |
| 11 | Cashier | |
| 12 | Computer Operator | |
| 13 | Typist | |
| 14 | Salesman | 4495 |
| 15 | Godown Keeper | |
| 16 | Umbrella Repairer | |
| 17 | Driver | |
| 18 | Loading and Unloading Worker | |
| 19 | Attender | 4283 |
| 20 | Peon | |
| 21 | Watchman | |
| 22 | Security Guard | |
| 23 | Sales Assistant | |
| 24 | Packing Assistant | |
| 25 | General Worker | |
| 26 | Sweeper (Full Time) | 4030 |
| 27 | Cleaner | |

(B) **Service Weightage**

The employees who have completed three years continuous service in an establishment under one employer, shall be allowed service weightage included in their basic wage at the rate of one per cent of the Revised basic pay for every completed year of service, subject to a maximum of ten per cent.

(C) **Dearness Allowance**

In addition to the basic wages Variable Dearness Allowance at the rate of Rs. 21.32 shall be paid to the category of monthly rated workers for the increase of every one point above the 130 point of new series of Consumer Price Index Number 1998-99=100 being published district-wise by the Department of Economics and Statistics, Government of Kerala. For Idukki and Wayanad Districts Dearness Allowance shall be paid on the basis of Consumer Price Index Number published for Munnar and Meppadi centres respectively.

Dearness Allowance shall be paid for October to March on the basis of average points for one month in the Consumer Price Index Number from January to June and for April to September on the basis of average points for one month in the Consumer Price Index Number from July to December.

(D) The daily rate in respect of the category of employees for whom monthly rate is fixed in this notification, may be calculated by dividing the monthly rate by 26.

IV. In case the employees of any establishment/employer are at present getting higher wages than the Minimum Wages fixed as per this notification, they shall be entitled to get such higher rates continuously.

By order of the Governor,

C. K. VISWANATHAN,
*Secretary to Government.*

**Explantory Note**

(This does not form part of the notification, but is intended to indicate its general purport.)

The minimum rates of wages payable to employees employed in manufacture and sale of umbrellas was fixed as per G. O. (Rt.) 878/E1/LBR dated 15-7-1981. Therefore Government have now decided to revise the minimum rates of wages to the said categories.

This notification is intended to achieve the above object.